# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2182 | 22.01.2014-ൽ മറുപടിയ്ക്ക്

## തീരപ്രദേശത്ത് കണ്ടൽചെടികളുപയോഗിച്ചുള്ള ജൈവവേലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, പി. ഉബൈദുള്ള<br>,, വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) തീരപ്രദേശത്ത് കണ്ടൽ ചെടികളുപയോഗിച്ചുള്ള ജൈവവേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; | എ) നിലവിൽ അപ്രകാരമുള്ള ഒരു പദ്ധതി പരിഗണനയിലില്ല. എന്നിരുന്നാലും കുട്ടനാട് പാക്കേജ്, വെറ്റ്ലാന്റ് കൺസർവേഷൻ സ്കീം എന്നിവയിലുൾപ്പെടുത്തി കണ്ടൽ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിന്നും കർഷകർക്ക് കണ്ടൽതൈകൾ വിതരണം ചെയ്തു വരുന്നു. കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി പദ്ധതി പ്രകാരം സ്വകാര്യഭൂമികളിൽ കണ്ടൽതൈകൾ നട്ടുപിടിപ്പിക്കുന്നതിലേക്ക് സ്ഥലമുടമയ്ക്ക് പ്രോത്സാഹന ധനസഹായ വിതരണം നടത്തുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| ബി) കഴിഞ്ഞ സുനാമിയോടൊപ്പം തീരത്തടിഞ്ഞതുൾപ്പെടെയുള്ള ധാതുമണൽ ശേഖരം നഷ്ടപ്പെട്ടുപോകാതിരിക്കാനും കൂടുതൽ മണൽ ശേഖരം അടിഞ്ഞുകൂടാനും കണ്ടൽ വേലി അനിവാര്യമാണെന്ന അഭിപ്രായം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | ബി) കടലോരത്തെ മണൽപ്രദേശങ്ങളിൽ സാധാരണയായി കണ്ടൽ ചെടികൾ വളരുകയില്ല. എന്നാൽ കാറ്റാടി പോലെയുള്ള ഇനങ്ങൾ ഉപയോഗിച്ച് ടി മണൽപ്രദേശങ്ങളിൽ ജൈവവേലി തീർക്കാവുന്നതാണ്. കടലോരത്തിനടുത്തുതന്നെയുള്ള പുഴകളിലെ അഴിമുഖത്തോടടുത്താണ് കണ്ടൽച്ചെടികൾ വളർന്നു കാണുന്നത്. അതനുസരിച്ച് സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെ 9 ജില്ലകളിലെ തീരപ്രദേശത്തെ 163.4 ഹെക്ടർ സ്ഥലത്ത് അപ്രകാരം കാറ്റാടി ഉപയോഗിച്ച് ജൈവവേലി നിർമ്മിച്ചു കഴിഞ്ഞിട്ടുള്ളതും 14.65 ഹെക്ടർ സ്ഥലത്ത് കണ്ടൽ നട്ടുപിടിപ്പിച്ചിട്ടുള്ളതുമാണ്. കണ്ടൽ വളരാത്ത തീരപ്രദേശങ്ങളിൽ കാറ്റാടിയും മറ്റും ഉപയോഗിച്ചും കണ്ടൽ വളരുന്ന ഇടങ്ങളിൽ കണ്ടൽ നട്ടുപിടിപ്പിച്ചും ജൈവവേലി നിർമ്മിക്കുന്നത് ബന്ധപ്പെട്ട പ്രദേശത്തെ ധാതുമണൽ ശേഖരം നഷ്ടപ്പെട്ടു പോകാതിരിക്കാനും വർദ്ധിക്കാനും ഇടവരുത്തുന്നതാണ് മാത്രവുമല്ല |

മത്സ്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ ജീവികളുടെ പ്രജനനത്തിനും ജൈവവൈവിധ്യ സംരക്ഷണത്തിനും ഇപ്രകാരമുള്ള ജൈവവേലി കൂടുതൽ സഹായകരമാണ്.

| | |
|---|---|
| സി) തീരപ്രദേശത്തിന്റെ പാരിസ്ഥിതിക സംരക്ഷണമുൾപ്പെടുയുള്ള നടപടികളിൽ കണ്ടൽവേലിക്കുള്ള പ്രാധാന്യവും പ്രായോഗികതയും സംബന്ധിച്ച സർവ്വെ നടത്തുന്നതിന് ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

Asitha

സെക്ഷൻ ഓഫീസർ